➪ *എന്തുവില കൊടുത്തും ഞങ്ങൾ അതിനെ തടയുകതന്നെ ചെയ്യും* ➪

# 'മിസ്റ്റർ കോരൻ, താങ്കൾക്ക് കേൾക്കാമോ?'

രാഷ്ട്രീയ പ്രവർത്തകർക്ക് കപട വാചാടോപം നടത്താനുള്ള ഇടങ്ങളായി അധഃപതിച്ച ചാനൽ ചർച്ചകളുടെ പ്രതിലോമ സംസ്കാരത്തെയും വാർത്തകളിൽ ഉദ്വേഗം നിറയ്ക്കാനുള്ള ഇംഗിതത്തെയും ഹാസ്യാത്മകമായി അവതരിപ്പിക്കുന്നു.

**എസ്. നാരായണൻ**

**അവതാരക:** 'മലയാളിക്കെണി' ചാനലിന്റെ ഇന്നത്തെ ഒമ്പതുമണി ചർച്ചയിലേക്ക് എല്ലാ പ്രേക്ഷകർക്കും സ്വാഗതം. ഇന്ന് മൂന്നു പേരാണ് നമ്മോടൊപ്പം ചർച്ചയിൽ പങ്കെടുക്കുന്നത്. ഐക്യ ജനാധിപത്യ മുന്നണിയെ പ്രതിനിധീകരിച്ച് വലന്തല കുഞ്ഞിപ്പാലു കുന്നംകുളം സ്റ്റുഡിയോയിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ പ്രതിനിധീകരിച്ച് ഇടംകൈ വാമരാജൻ കണ്ണൂർ സ്റ്റുഡിയോയിലും സന്നിഹിതരാണ്. പൊതുജനത്തിന്റെ പ്രതിനിധിയായി മിസ്റ്റർ കോരൻ ഓട്ടക്കാലണ ഓണംകേറാമൂലയിൽ നിന്നും നമ്മോടൊപ്പം ചേരുന്നു. മാത്രവുമല്ല ടെലഫോൺ ലൈനിൽ പടച്ച തമ്പുരാനെയും ചർച്ചക്കിടയിൽ നമ്മൾ പ്രതീക്ഷിക്കുന്നു. ആദ്യമായി മിസ്റ്റർ വലന്തല, ഈ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കാനുള്ള പ്രധാന പ്രശ്നമെന്താണ്?

**വലന്തല:** അതായത്, ലോക രാജ്യങ്ങളുടെ മുന്നിൽ നമ്മുടെ നാട് തലയുയർത്തി നിൽക്കണം. അതിന് വികസനം കൊണ്ടുവരികയാണ് വേണ്ടത്. സ്വകാര്യ മൂലധനത്തിന്റെ സഹായത്തോടെ നാട്ടിലാകെ വികസനം നടപ്പാക്കും. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകൊണ്ടുള്ള ബുദ്ധിമുട്ടുകൾ ചില്ലറയാണോ? ഉദാഹരണത്തിന് അത്യാവശ്യമായിട്ട് ഒന്നു വെളിക്കിരിക്കണമെന്ന് തോന്നിയാൽ..... ഛെ.... സോറി.... നാക്ക് പിഴച്ചതാണ്... അത്യാവശ്യമായൊന്ന് വിമാനമിറങ്ങണമെന്ന് തോന്നിയാൽ നമ്മുടെ പത്തനംതിട്ടയിലെ സഹോദരങ്ങൾക്ക് വിമാനത്താവളമുണ്ടോ? അതുകൊണ്ട് ആറന്മുളയിൽ ഒരു വിമാനത്താവളം കൊണ്ടുവരേണ്ടത് ആത്യന്താപേക്ഷിതമാണ്. അത്തരം വികസന പ്രവർത്തനങ്ങൾ ആറുവരിപ്പാതയും നാലുവരിപ്പാതയും അടക്കം ത്വരിതഗതിയിൽ നടപ്പാക്കി നാടിന്റെ മുഖഛായ....

**ഇടംകൈ വാമരാജൻ:** ഇടക്കൊന്നു പറഞ്ഞോട്ടെ. നെല്പാടങ്ങളും തണ്ണീർത്തടങ്ങളും ഇല്ലാതാക്കിയാണ് ആറന്മുളയിൽ വിമാനത്താവളം കൊണ്ടുവരുന്നത്. ഇതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. എന്തുവില കൊടുത്തും ഞങ്ങൾ അതിനെ തടയുകതന്നെ ചെയ്യും. കേരളം നിന്ന് കത്തുന്ന തരത്തിലുള്ള സമരങ്ങൾ വരാൻ പോകുന്നു. അവിടെ....

**വലന്തല:** ഇടംകൈ വാമരാജൻ പറയുന്നതു കേട്ടാൽ തോന്നുക ഞങ്ങളുടെ സർക്കാരാണ് നെൽപ്പാടം നികത്താൻ അനുമതി കൊടുത്തതെന്നാണ്. വാസ്തവമെന്താണ്? ഇരുട്ടുകൊണ്ട് ഓട്ടയടക്കരുത് മിസ്റ്റർ വാമ

രാജൻ. നിങ്ങളുടെ സർക്കാരല്ലേ കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് തണ്ണീർ തടവും നെൽപാടവും നികത്തി വിമാനത്താവളം നിർമ്മിക്കാൻ അനുമതി കൊടുത്തത്? നിങ്ങളുടെ വ്യവസായ മന്ത്രിയായിരുന്ന എളമരം കരീമല്ലേ പരിസ്ഥിതി പ്രശ്നങ്ങളെ മറികടക്കാൻ വേണ്ടി ആ വയലേലകളെ വ്യവസായ മേഖലയായി പ്രഖ്യാപിച്ചത്? അതിനെ തുടർന്നുള്ള കാര്യങ്ങളല്ലേ ഞങ്ങൾമുന്നോട്ടു കൊണ്ടുപോകുന്നുള്ളൂ...

**ഇടംകൈ:** ആരാണ് ഇരുട്ടുകൊണ്ട് ഓട്ടയടക്കുന്നത് മിസ്റ്റർ വലന്തല? ഞങ്ങൾ വിമാനത്താവളത്തിന് അനുമതി കൊടുത്തത് ശരിയാണ്. ഞങ്ങൾ അത് നടപ്പാക്കുമ്പോൾ തണ്ണീർത്തടങ്ങളിൽ നിന്ന് ഒരു തുള്ളി വെള്ളം പോലും നഷ്ടപ്പെടില്ല. നെൽ പാടങ്ങളിൽ നിന്ന് ഒരുമണി നെല്ലുപോലും പാഴാക്കില്ല. അതിനുള്ള പ്രത്യയശാസ്ത്ര ദാർഢ്യവും സൈദ്ധാന്തിക മികവും ഞങ്ങൾക്കുണ്ട്. അതുപോലെയാണോ നിങ്ങളുടെ കാര്യം?

**വലന്തല:** അതൊന്നും പറഞ്ഞ് ഞങ്ങളെ വിരട്ടരുത്. ഒരു മണി നെല്ലിന്റേയും ഒരു തുള്ളി വെള്ളത്തിന്റെയും കാര്യം അവിടെ നിൽക്കട്ടെ. മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഈയിടെ കേരളീയർക്ക് ഉറപ്പു കൊടുത്തത് നിങ്ങളറിഞ്ഞില്ലേ? വിമാനത്താവളം വരേണ്ടത് നാടിന്റെ ആവശ്യമാണ്. ഒരിഞ്ച് ഭൂമി പോലും ആറന്മുളയിൽ നിന്ന് എടുക്കില്ല. വിമാനത്താവളം വരികയും ചെയ്യും. ഇതിനേക്കാൾ വലിയ ഒരുറപ്പ് എത് ഭരണാധികാരി കൊടുത്തിട്ടുണ്ട്? പിന്നെ പരിസ്ഥിതി സംരക്ഷണത്തിന്റെ കാര്യം. അതു പറയാൻ നിങ്ങൾക്കെന്താണവകാശം? ടിപ്പർ ലോറി ഓണേഴ്സ് അസ്സോസിയേഷനും എർത്ത് മൂവേഴ്സ് യൂണിയനുമൊക്കെ ഉണ്ടാക്കുന്ന നിങ്ങളാണോ പരിസ്ഥിതി സംരക്ഷകർ?

**അവതാരക:** മിസ്റ്റർ ഇടംകൈ വാമരാജൻ, താങ്കളുടെ പ്രതികരണം?

**ഇടംകൈ:** ചരിത്രപരമായ യാഥാർത്ഥ്യങ്ങളെ കണാൻ കഴിയാത്തതു കൊണ്ടാണ് ഈ മാതിരി ജൽപനങ്ങൾ മിസ്റ്റർ വലന്തല ഉന്നയിക്കുന്നത്. കേരളത്തിന്റെ വലിയൊരു ഭൂവിഭാഗം കാടുപിടിച്ച് കിടക്കുകയല്ലേ? ആ പശ്ചിമഘട്ട മലനിരകളിലേക്ക് ഒന്ന് പോയി നോക്കൂ. ഞാൻ അവിടെപ്പോയി നേരിൽ കണ്ടതാണ്. നിറയെ കല്ലും മുള്ളും വള്ളിപടർപ്പുകളും കാട്ടുമൃഗങ്ങളും ചോലകളും മാത്രമാണവിടെ. പോരാത്തതിന് അവിടവിടെ കരിങ്കൽ മലകളും. ഇതാണ് നമ്മുടെ നാടിന്റെ സ്ഥിതി. ഇത് ഈ ആധുനിക കാലത്ത് നാടിനപമാനമല്ലേ? ശാസ്ത്രം ഇത്ര പുരോഗമിച്ചിട്ടും നമ്മുടെ നാട് കാടുപിടിച്ച് കിടക്കുന്നു. ഈ ദുഃസ്ഥിതി കണ്ടിട്ട് നമ്മുടെ ഒരു കവിക്ക് 'പച്ചയാം വിരിപ്പിട്ട സഹ്യനിൽ തല വെച്ചും....' എന്നൊക്കെ കേരളത്തെ പറ്റി സങ്കടപ്പെട്ട് എഴുതേണ്ടിവന്നില്ലേ? മിസ്റ്റർ വലന്തലയുടെ കൂട്ടർക്ക് വായന ഇല്ലാത്തതു കൊണ്ടാണ് ഇതൊന്നും മനസ്സിലാകാതെ പോകുന്നത്. ഒരു സംസ്ഥാനത്തിന് എത്രകാലം ഇങ്ങനെ പച്ചത്തലയണയിൽ തലവെച്ച് സുഷുപ്തി കൊള്ളാൻ കഴിയും? കേരളത്തിന്റെ ദയനീയ ചിത്രം ഇതിലും നന്നായി എങ്ങനെ ഒരു കവിക്ക് ആവിഷ്കരിക്കാൻ കഴിയും? ഇങ്ങനെ കിടന്നുറങ്ങിയാൽ നമ്മുടെ നാട് എവിടെ ചെന്നെത്തും? അതുകൊണ്ട് ആ പച്ചത്തലയണ എടുത്തു മാറ്റുകയാണ് അടിയന്തിരമായി വേണ്ടത് എന്നാണ് എന്റേയും എന്റെ പ്രസ്ഥാനത്തിന്റേയും സുചിന്തിതമായ അഭിപ്രായം. ഇതിന് വിലങ്ങുതടിയാകാൻ നിൽക്കുന്നവർക്ക് ചരിത്രം മാപ്പു തരില്ല എന്ന തിരിച്ചറിവിൽ നിന്നാണ് ഞങ്ങൾ ടിപ്പർ ലോറികളേയും മണ്ണുമാന്തിയന്ത്രങ്ങളേയും പിന്തുണക്കുന്നത്. ഒരു കാലത്ത്, ട്രാക്ടറിനേയും കമ്പ്യൂട്ടറിനേയും എതിർക്കുന്നവർ എന്നു പറഞ്ഞായിരുന്നു ഞങ്ങളെ ആക്രമിച്ചിരുന്നത്. അതൊക്കെ ഞങ്ങൾ ഇപ്പോൾ തിരുത്തി. ഞങ്ങളും കമ്പ്യൂട്ടറും ലാപ്ടോപ്പും ഉപയോഗിച്ചു തുടങ്ങി. ശാസ്ത്രത്തിന്റെ സമ്മാനമായ മണ്ണുമാന്തിയെ പിന്തുണക്കുന്നതിന്റെ പേരിലാണ് ഇപ്പോഴത്തെ എതിർപ്പ്. മണ്ണുമാന്തി പശ്ചിമഘട്ടം ഇടിച്ച് നിരത്തട്ടെ. എന്നിട്ട് എന്തെങ്കിലും ദോഷം വന്നാൽ...ങ്ഹാ.... അത് അപ്പോഴല്ലേ.... അമ്പത് കൊല്ലം കഴിഞ്ഞ്..... അത് അന്നത്തെ സഖാക്കൾ തിരുത്തിക്കോളും. ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം! ഞങ്ങൾക്കെതിരെയുള്ള എതിർപ്പിന് മറ്റൊരുകാരണം ഞാൻ കാണുന്നില്ല.

**അവതാരക:** വളരെ കൃത്യമായ പൊളിറ്റിക്കൽ സ്റ്റാന്റാണ് പരിസ്ഥിതി വിഷയത്തിൽ മിസ്റ്റർ ഇടംകൈ വാമരാജനും മിസ്റ്റർ വലന്തല കുഞ്ഞിപ്പാലുവും മുന്നോട്ടു വച്ചിരിക്കുന്നത്. നമുക്ക് മിസ്റ്റർ കോരന്റെ പ്രതികരണത്തിലേക്ക് പോകേണ്ടതുണ്ട്. മിസ്റ്റർ കോരൻ.... താങ്കൾക്ക് കേൾക്കാമോ...? മിസ്റ്റർ കോരൻ.....ഭർർർർ.....ർർർ....

**അവതാരക:** കോരൻ എന്തോ പറയാൻ ശ്രമിക്കുന്നുണ്ട്. വ്യക്തമാകുന്നില്ല. എന്തോ സാങ്കേതിക പ്രശ്നമുണ്ട്. നമുക്ക് ചർച്ചയിലേക്ക് വരാം. സംസ്ഥാനത്തെ ക്രമസമാധാന രംഗം കുത്തഴിഞ്ഞതിനെക്കുറിച്ച് മിസ്റ്റർ വാമരാജൻ രൂക്ഷമായി പ്രതികരിച്ചിരു

ന്നല്ലോ...
**ഇടംകൈ:** എങ്ങനെ പ്രതികരിക്കാതിരിക്കും? കൊലപാതകങ്ങൾ, പിടിച്ചുപറി, മോഷണം, ബലാൽസംഗങ്ങൾ നാട്ടിൽ ജീവിക്കാനാകാത്ത അവസ്ഥയല്ലേ ഇന്നുള്ളത്. സ്ത്രീകൾക്ക് സുരക്ഷിതരായി പുറത്തിറങ്ങി നടക്കാനാവുമോ? ഇത്രയധികം ബലാൽസംഗങ്ങളും കൊലപാതകങ്ങളും നടന്നകാലം കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടുണ്ടോ? അതിന്റെ കണക്ക് ഞാൻ കൊണ്ടുവന്നിട്ടുണ്ട്. സമയമുണ്ടെങ്കിൽ ഞാൻ വായിക്കാം.
**അവതാരക:** സമയമില്ല മിസ്റ്റർ വാമരാജൻ.
**വലന്തല:** സമാധാനാന്തരീക്ഷം തകർത്തേ അടങ്ങൂ എന്ന് തീർച്ചപ്പെടുത്തിയിരിക്കുന്ന ഒരു പ്രതിപക്ഷമല്ലേ ഇവിടെയുള്ളത്. അവർ രാഷ്ട്രീയ പ്രതിയോഗികളെ വകവരുത്താൻ ക്വട്ടേഷൻ സംഘങ്ങളെ ഇറക്കിവിടുകയല്ലേ? തൃശൂരിലെ പെരിഞ്ഞനത്ത് കണ്ടത് അതല്ലേ? ക്വട്ടേഷൻ സംഘം ആളുമാറി വെട്ടിയതു കൊണ്ട് നവാസ് എന്ന ഒരു ചെറുപ്പക്കാരന്റെ ജീവിതമല്ലേ അവസാനിച്ചത്. നിങ്ങൾക്ക് അതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിയാൻ കഴിയുമോ? ഇത്ര ദിവസമായിട്ടും ഒരാശ്വാസവാക്കുമായി നിങ്ങളിൽ ഒരാളെങ്കിലും ആ കുടുംബത്തെ ചെന്നു കണ്ടിട്ടുണ്ടോ?
**ഇടംകൈ:** നവാസ്.... നവാസിനെപറ്റി മാത്രം പറയരുത്.
**വലന്തല:** വേണ്ട. എന്നാൽ ടി.പി.ചന്ദ്രശേഖരനെ പറ്റി പറയാം. അതും ക്വട്ടേഷൻ സംഘത്തെ കൊണ്ടല്ലേ ചെയ്യിച്ചത്? പാർട്ടി അറിഞ്ഞിട്ടില്ല എന്ന് പറഞ്ഞാൽ അരിയാഹാരം കഴിക്കുന്നവർ വിശ്വസിക്കില്ല എന്നു പറഞ്ഞത് നിങ്ങളുടെ തന്നെ കാർന്നോരല്ലേ?
**ഇടംകൈ:** കാർന്നോര് അത് തിരുത്തിയത് വലംതല അറിഞ്ഞില്ലേ? ടി.പി.ചന്ദ്രശേഖരനല്ല, അരിക്ക് വില കൂടിയതാണ് ഈ തിരഞ്ഞെടുപ്പിലെ വിഷയം എന്ന് മൂപ്പിലാൻ പറഞ്ഞിട്ടുണ്ടല്ലോ?
**വലംതല:** അതിന് ഞങ്ങടെ തിരുവഞ്ചൂര് മറുപടിയും പറഞ്ഞിട്ടുണ്ട്. ചന്ദ്രശേഖരനെ കാർന്നോര് ഇറച്ചി വിലക്ക് വിറ്റെന്ന്...
**ഇടംകൈ:** ചന്ദ്രശേഖരൻ വധത്തെ പറ്റി പുസ്തകമെഴുതി തിരുവഞ്ചൂരാണ് ഇറച്ചിവിലക്കു വിൽക്കുന്നതെന്ന് കാർന്നോരും പറഞ്ഞിട്ടുണ്ട്.
**വലംതല:** ഇറച്ചി....
**ഇടംകൈ:** ഇറച്ചി വില....
**അവതാരക:** നിർത്ത്.... നിർത്ത്.... മിസ്റ്റർ കോരൻ എന്തോ പറയാൻ ശ്രമിക്കുന്നുണ്ട്... മിസ്റ്റർ കോരൻ.... താങ്കൾക്ക് കേൾക്കാമോ?... കോരന്റെ ലൈൻ ശരിയാകുന്നില്ല. മിസ്റ്റർ ഇടംകൈ വാമരാജൻ....
**ഇടംകൈ:** ഇത്രയും അക്രമാസക്തമായ രീതിയിൽ അഴിഞ്ഞാടുന്ന പോലീസ് രാജ് സംസ്ഥാനത്തിന്റെ ചരിത്രത്തിലുണ്ടായിട്ടുണ്ടോ? സമരം ചെയ്യുന്നയാളുടെ ജനനേന്ദ്രിയത്തിൽ പോലീസ് ബൂട്ടിട്ട കാലുകൊണ്ട് ചവിട്ടുന്ന ചിത്രവുമായല്ലേ പത്രങ്ങൾ പുറത്തിറങ്ങുന്നത്? പരസ്യമായി ജനനേന്ദ്രിയത്തെ കൈപ്പിടിയിലാക്കുന്ന ദൃശ്യങ്ങളും കേരളത്തിന് കാണേണ്ടിവന്നില്ലേ?
**വലന്തല:** നിങ്ങളുടെ കാലത്തല്ലേ ഉദയകുമാർ എന്ന നിരപരാധിയെ തിരുവനന്തപുരം ലോക്കപ്പിൽ ഉരുട്ടിക്കൊന്നത്?
**ഇടംകൈ:** നിലമ്പൂരിലെ നിങ്ങടെ പാർട്ടി ഓഫീസിൽ വെച്ചല്ലേ അവിടുത്തെ തൂപ്പുജോലിക്കാരി രാധയെ വധിച്ചത്. അതിന്റെ അന്വേഷണം എവിടെയെത്തി?
**വലംതല:** രാധ.... രാധയെ പറ്റി മാത്രം പറയരുത്...
**അവതാരക:** കോരൻ വീണ്ടും.... ക്ഷമിക്കണം. കോരനെ ലൈനിൽ കിട്ടുന്നില്ല. ഇപ്പോൾ കിട്ടിയ വാർത്ത! മിസ്റ്റർ കോരൻ അറസ്റ്റിൽ....!! മലയാളിക്കെണി എക്സ്ക്ലൂസീവ്....!!! ഓണം കേറാമൂലയിലെ താമസക്കാരനായ മിസ്റ്റർ കോരൻഓട്ടക്കാലണ അറസ്റ്റിലായിരിക്കുന്നു. മലയാളിക്കെണി ചാനലിലെ ഒമ്പതുമണി ചർച്ചയിൽ പങ്കെടുക്കാനായി ഓണം കേറാ മൂലയിലെ പബ്ലിക് ടെലഫോൺ ബൂത്തിൽ നിൽക്കുകയായിരുന്ന കോരനെ അല്പ നിമിഷം മുമ്പാണ് പോലീസ് കൺട്രോൾ റൂമിൽ നിന്നും എത്തിയ സംഘം അറസ്റ്റ് ചെയ്തത്. 'മലയാളിക്കെണി ഇംപാക്ട്'.... കൂടുതൽ വിവരങ്ങളുമായി ഞങ്ങളുടെ ഓണം കേറാമൂല പ്രതിനിധി ആകാശ്കുമാർ ചേരുന്നു. ശ്രീ. ആകാശ് എന്താണ് വിവരങ്ങൾ...?
**ആകാശ് കുമാർ:** ഹായ് മനോരഞ്ജിനി! കോരൻ എന്ന പേരിൽ ആൾമാറാട്ടം നടത്തി വന്നിരുന്ന മിസ്റ്റർ ഘോരനെയാണ് പോലീസ് സംഘം അല്പ സമയം മുമ്പ് അറസ്റ്റ് ചെയ്തത് എന്ന ഞെട്ടിപ്പിക്കുന്ന വാർത്തയാണ് ഇപ്പോൾ കിട്ടിയിരിക്കുന്നത്. ഇയാളുടെ മുൻകാല ജീവിതം പരിശോധിച്ചാൽ ഇയാൾ കോരനല്ല, ഘോരനാണ് എന്ന് ആർക്കും വ്യക്തമാകും. നിരവധി പോലീസ് സ്റ്റേഷനുകളിൽ ഇയാൾക്കെതിരെ കേസുകൾ നിലവിലുണ്ട്. എല്ലാ കേസുകളും ആത്മഹത്യാ ശ്രമത്തിന്റെ പേരിലുള്ളതാണ്. കാസർകോഡാണ് ഇയാളുടെ ജന്മദേശം. എൻഡോസൾഫാൻ തളിക്കുന്ന കാലത്ത് കശുമാവിൻ

⇨ ഇന്ത്യൻ തപാൽ വകുപ്പ് പുറത്തിറക്കിയ രണ്ട് പോസ്റ്റ് കാർഡുകൾ ഇയാളിൽ നിന്ന് കണ്ടെടുത്തു ⇨

തോപ്പിൽ ജോലിയുണ്ടായിരുന്ന ഇയാളുടെ ഭാര്യ ഇപ്പോൾ നിത്യരോഗിയാണ്. അവിടത്തെ അന്തരീക്ഷത്തിൽ ജീവിക്കാനാവാതെ വന്നപ്പോഴാണ് ഇയാൾ കിടപ്പാടം ഉപേക്ഷിച്ച് ഭാര്യയേയും കൊണ്ട് നഗരങ്ങളിലേക്ക് ചേക്കേറിയത്. റോഡ്‌വക്കിൽ കുടിൽ കെട്ടി താമസിച്ചിരുന്ന ഇയാളെ റോഡ് വീതി കൂട്ടുന്നതിനു വേണ്ടി പോലീസിന് പലതവണ ഒഴിപ്പിക്കേണ്ടി വന്നിട്ടുണ്ട്. അപ്പോഴൊക്കെ ആത്മഹത്യക്ക് ശ്രമിക്കുക എന്നതാണ് ഇയാളുടെ തന്ത്രം. അങ്ങിനെയാണ് ഇത്രയധികം കേസുകൾ ഇയാളുടെ പേരിൽ ഉണ്ടായിട്ടുള്ളത്. റോഡരികിൽ താമസിക്കാനാവാതെ വന്ന ഇയാൾ പിന്നീട് മലകയറുകയായിരുന്നു. അവിടെ കരിങ്കൽ ക്വാറി നടത്തിപ്പുകാർക്ക് ഇയാൾ പ്രശ്നമുണ്ടാക്കി. ക്വാറിയിൽ നടത്തുന്ന സ്ഫോടനം മൂലം വീടിന്റെ ചുവരുകൾക്ക് വിള്ളലുണ്ടാകുന്നുവെന്നും പൊടിശല്യം മൂലം ശ്വസിക്കാനാവുന്നില്ലെന്നുമാണ് പരാതി. പോലീസിന് നിരന്തര ശല്യമായിരുന്നു ഇയാൾ, മനോരഞ്ജിനി...

**അവതാരക:** ആകാശ്കുമാർ, ഇയാൾക്കെതിരെ പോലീസ് കേസുകൾ എത്രയുണ്ട്?

**ആകാശ് കുമാർ:** മനോരഞ്ചിനി, ഇയാൾക്കെതിരെ ഒറ്റ കേസുപോലുമില്ല. എല്ലാം ഇയാൾ കൊടുത്ത കേസുകളാണ്. അതുകൊണ്ടാണ് ഇയാൾ പോലീസിന് നിരന്തര ശല്യമുണ്ടാക്കുന്നയാളാണെന്നാണ് പറഞ്ഞത്. ഇയാൾ ഒരിടത്തും സ്ഥിരമായി തങ്ങാറില്ല. എന്തു ജോലിയും മടികൂടാതെ ചെയ്യുന്ന പ്രകൃതം കാരണം എവിടെ ചെന്നാലും നാട്ടുകാർ ഇയാളുടെ ഒപ്പം കൂടുമായിരുന്നു. ഇയാൾ ജന്മനാ ഒരു വികസന വിരോധിയാണെന്ന് പോലീസ് ഉറപ്പിച്ചു പറയുന്നു. കഴിഞ്ഞ രണ്ടു ദിവസം ഇയാൾ ആം ആദ്മി പാർട്ടിയുടെ തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസിലായിരുന്നു അന്തിയുറങ്ങിയത്. ജീവിത്തിൽ ഗ്യാസോ വൈദ്യുതിയോ ഉപയോഗിച്ചിട്ടില്ലെന്ന് വെളിപ്പെട്ടതിനെ തുടർന്ന് ആം ആദ്മി പാർട്ടിക്കാർ ഇയാളെ ഓഫീസിൽ നിന്ന് ഇറക്കിവിടുകയായിരുന്നു.

**അവതാരക:** ഇപ്പോൾ എങ്ങിനെയാണ് ഇയാൾ പിടിയിലായത്?

**ആകാശ് കുമാർ:** പാർട്ടി ഓഫീസിൽ നിന്നും ഇറങ്ങി വരികയായായിരുന്ന ഇയാളെ നമ്മുടെ റിപ്പോർട്ടർ പൊതുജനത്തിന്റെ പ്രതിനിധിയായി ചർച്ചയിലേക്ക് ക്ഷണിക്കുകയായിരുന്നു. നമ്മുടെ ചാനലിലൂടെ ഇയാളുടെ ചിത്രം കണ്ട് ഷാഡോ പോലീസാണ് ഇയാളെ തിരിച്ചറിഞ്ഞത്. കൺട്രോൾ റൂമിൽ വിവരം കിട്ടിയതിനെ തുടർന്ന് മൂന്ന് ജീപ്പും ഒരു ഇടിവണ്ടിയും കൂടി പാഞ്ഞുവന്ന് ടെലഫോൺ ബൂത്ത് വളഞ്ഞ് ഇയാളെ അറസ്റ്റ് ചെയ്യുകയായിരുന്നു. ഇയാളുടെ ഉമിനീര് കൂടുതൽ പരിശോധനക്കു വേണ്ടി അനലറ്റിക്കൽ ലബോറട്ടറിയിലേക്ക് അയച്ചു കഴിഞ്ഞു. അഞ്ചു രൂപ വില മതിക്കുന്ന മൂന്ന് ഇന്ത്യൻ കറൻസി നോട്ടുകൾ പിടിയിലാകുമ്പോൾ ഇയാളുടെ പോക്കറ്റിലുണ്ടായിരുന്നു. ഇന്ത്യയുടെ ഏത് ഭാഗത്തേക്ക് വേണമെങ്കിലും പോസ്റ്റ് ചെയ്യാൻ ശേഷിയുള്ള 50 പൈസ വിലമതിക്കുന്ന, ഇന്ത്യൻ തപാൽ വകുപ്പ് പുറത്തിറക്കിയ രണ്ട് പോസ്റ്റ് കാർഡുകൾ ഇയാളിൽ നിന്ന് കണ്ടെടുത്തു. അയാളുടെ കൈയിലുണ്ടായിരുന്ന മലയാള ദിനപത്രം ഭാവിപദ്ധതികൾ ആസൂത്രണം ചെയ്യാൻ വേണ്ടി സംഘടിപ്പിച്ചതായിരിക്കുമെന്നാണ് പോലീസ് സംഘത്തിന്റെ ബലമായ സംശയം. ടെലിഫോൺ ലൈനിൽ കേടുപാടുകൾ സംഭവിച്ചതു കൊണ്ട് അയാൾക്ക് പയാനുള്ളത് ലോകം കേട്ടില്ല എന്നതിൽ ആശ്വാസം കൊള്ളുകയാണ് ഉദ്യോഗസ്ഥ രാഷ്ട്രീയ രംഗത്തെ പ്രമുഖർ. നാട് വലിയ അപമാനത്തിൽ നിന്ന് രക്ഷപ്പെട്ടതിന്റെ ആശ്വാസത്തിലാണ് അവർ. ഒളിഞ്ഞും മറിഞ്ഞും താമസിക്കാനിഷ്ടപ്പെടുന്ന 67 വയസ്സ് പ്രായമുള്ള ഇയാൾ ഇതുവരെ ഒരു ഫെയ്സ്ബുക്ക് അക്കൗണ്ട് പോലും തുടങ്ങിയിട്ടില്ലെന്നതിലെ ദുരൂഹത പോലീസിനെ കൂടുതൽ കുഴപ്പിക്കുന്നുണ്ട്. മലയാളിക്കെണി ചാനലിനു വേണ്ടി ക്യാമറാമാൻ കഴുകപ്പനോടൊപ്പം റിപ്പോർട്ടർ ആകാശ് കുമാർ, ഓണം കേറാമൂല.

**അവതാരക:** നന്ദി ആകാശ്. കൊടും ഭീകരൻ ഘോരൻ പിടിയിലായതിനെ പറ്റി റിപ്പോർട്ട് ചെയ്തത് ഞങ്ങളുടെ പ്രതിനിധി ശ്രീ. ആകാശ് കുമാർ. പോലീസ് ഘോരനെ ജീപ്പിലേക്ക് കയറ്റുന്നതിന്റെ തത്സമയദൃശ്യങ്ങളാണ് പ്രേക്ഷകർ കണ്ടുകൊണ്ടിരിക്കുന്നത്. നമുക്ക് ചർച്ചയിലേക്ക് മടങ്ങിവരാം. ഘോരനെപ്പോലെയുള്ളവർ രാജ്യത്ത് അരാജകത്വം വിതച്ച് അഴിഞ്ഞാടുന്നത് ഭരണരംഗത്തെ കോട്ടമല്ലേ ശ്രീ. വലന്തല?

**വലന്തല:** വാസ്തവത്തിൽ നമ്മുടെ നാട് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയിലേക്കാണ് മനോരഞ്ജിനി വിരൽ ചൂണ്ടുന്നത്. ഇത്തരം വികസന വിരോധികളെക്കൊണ്ട് നാട്ടിൽ ഒരു കാര്യവും നടത്താനാവില്ല എന്നായിട്ടുണ്ട്. ഊർജ്ജോത്പാദനത്തിന് വേണ്ടി ഒരു കൊച്ച് ആണവനിലയം തുടങ്ങിയാൽ, അല്ലെങ്കിൽ പുഴയിൽ ഒരണക്കെട്ടുണ്ടാക്കാൻ തീരുമാനിച്ചാൽ, റോഡ് വീതികൂട്ടാമെന്ന് വച്ചാൽ അപ്പോഴെല്ലാം ഇത്തര

⇨ *ബാംഗാളിലെ നന്ദിഗ്രാമിൽ ഇപ്പോൾ ചെറുകാറുകൾ വിളയേണ്ടതായിരുന്നു* ⇨

ക്കാർ ചാടിവീഴും. നദിയിൽ നിന്നും മണലെടുക്കാൻ പാടില്ല, മരം മുറിക്കാൻ പാടില്ല, കരിമണലെടുത്തുകൂടാ, ടൂറിസ്റ്റുകൾക്ക് വേണ്ടി ബാർ ഹോട്ടൽ അനുവദിക്കാൻ പാടില്ല... തുടങ്ങി ഒരു കാര്യത്തിനും ഇവറ്റകൾ സമ്മതിക്കില്ല. എന്നാൽ ഇവറ്റകൾ സ്വയം നന്നാവുമോ അതുമില്ല. നഗരങ്ങളിലേക്ക് ചേക്കേറി ചേരികളുണ്ടാക്കി അവിടെ താമസിക്കും. ഏഷ്യാഡ് നടക്കുന്ന വേളയിൽ, വിദേശികളുടെ മുന്നിൽ നാണം കെടാതിരിക്കാനായി, അന്നത്തെ സർക്കാർ ചേരികൾ മുഴുവൻ കൂറ്റൻ മറകളുണ്ടാക്കി മറച്ചു. ഇപ്പോൾ ചർച്ചയിൽ പങ്കെടുക്കുന്ന ഇടംകൈ വാമരാജനൊക്കെ അന്ന് ഞങ്ങൾക്കെതിരെ കുറേ ബഹളമുണ്ടാക്കി. അതൊക്കെ ഓർമ്മയുണ്ടോ മിസ്റ്റർ ഇടംകൈ?


**ഇടംകൈ:** ഞാനോർക്കുന്നു. ഇന്ന് ഞാനതിൽ പശ്ചാതപിക്കുന്നു മിസ്റ്റർ വലന്തല. ടിയാനെൻമെൻ സ്ക്വയറിൽ ചൈന ചെയ്തതുപോലെ ബുൾഡോസർ ഓടിക്കുകയായിരുന്നു അന്ന് ചെയ്യേണ്ടിയിരുന്നത്. അത്തരം കർക്കശ നടപടികൾ സമയാസമയത്ത് എടുക്കുന്നതുകൊണ്ടാണ് ചൈന വമ്പൻ സാമ്പത്തിക ശക്തിയായി കുതിച്ചുകയറുന്നത്. ഞങ്ങളത് തിരിച്ചറിയാൻ കുറേ വൈകി. ബാംഗാളിലെ നന്ദിഗ്രാമിൽ ഇപ്പോൾ ചെറുകാറുകൾ വിളയേണ്ടതായിരുന്നു. അവിടെ ഈ ഘോരനെപ്പോലെയുള്ള കീടങ്ങളാണ് കുഴപ്പമുണ്ടാക്കിയത്. ഇവറ്റകളുടെ ശക്തി ചിലപ്പോൾ നമ്മൾ സങ്കൽപ്പിക്കുന്നതിനും അപ്പുറമാണ്. നന്ദിഗ്രാമിൽ ചെറുകാറുകൾ കതിരണിഞ്ഞില്ലെന്ന് മാത്രമല്ല, മുപ്പതുകൊല്ലത്തെ ഞങ്ങളുടെ ഭരണത്തിന്റെ കൂമ്പടയുകയും ചെയ്തു. ഗ്രൗണ്ട് റിയാലിറ്റി മനസ്സിലാക്കുന്നതിലും അതിനെ തോക്കും ടാങ്കും ഉപയോഗിച്ച് തടയുന്നതിലും ഞങ്ങൾക്ക് പാളിച്ച പറ്റി.


**വലന്തല:** ഇപ്പോഴെങ്കിലും ഗ്രൗണ്ട് റിയാലിറ്റി മനസ്സിലാക്കിയതിൽ നന്ദി മിസ്റ്റർ വാമരാജൻ. പ്രകൃതിവിഭവങ്ങളെ രാജ്യപുരോഗതിക്ക് ഉപയോഗിക്കുന്നതിന് തടസ്സം നിൽക്കുന്ന ഇത്തരം കീടങ്ങളെ അമർച്ച ചെയ്യുന്നതിന് എല്ലാ വിയോജിപ്പുകളും മാറ്റിവച്ച് നമുക്ക് തോളോടുതോൾ ചേർന്നു നിന്നുകൂടെ മിസ്റ്റർ വാമരാജൻ...?

**ഇടംകൈ:** തീർച്ചയായും. കാലഘട്ടത്തിന്റെ ആവശ്യമാണത്. ഇപ്പോൾ നമ്മൾ ഒന്നിച്ചുനിന്നില്ലെങ്കിൽ ചരിത്രം നമുക്ക് മാപ്പുതരില്ല.

**അവതാരക:** നന്ദി. വളരെ നന്ദി, ഈ ചർച്ചയിൽ പങ്കെടുത്തതിന്. എന്റെ ചാനൽ ജീവിതത്തിൽ ആദ്യത്തെ അനുഭവമാണ് ഒരു വിഷയത്തിൽ ഇടംകൈയും വലന്തലയും അഭിപ്രായ സമന്വയത്തിലെത്തുന്നത്. പ്രകൃതിവിഭവങ്ങളുടെ കാര്യത്തിൽ നമുക്ക് ഒന്നിച്ചുമുന്നേറാം. നിങ്ങളോടൊപ്പം ഞങ്ങളുടെ ചാനലും ഉണ്ടാകുമെന്ന് ഞാൻ ഉറപ്പുതരുന്നു. വളരെ നന്ദി ശ്രീ. ഇടംകൈ വാമരാജൻ, ശ്രീ. വലന്തല കുഞ്ഞിപ്പാലു... ടെലിഫോൺ ലൈനിൽ ഇടയ്ക്കുകയറി തടസ്സം സൃഷ്ടിക്കാതിരുന്ന പടച്ചതമ്പുരാനും നന്ദി. ■


മുതലാളിത്തത്തിന് എതിരായ സമരത്തിന്റെ അനിവാര്യഭാഗമാണ് ഇക്കോളജിയെന്ന് വിശ്വസിച്ച രാഷ്ട്രീയ ഇക്കോളജിസ്റ്റ് ആന്ദ്രെ ഗോർസിന്റെ ചിന്തകൾ **ആദ്യമായി മലയാളത്തിൽ**





കേരളീയം

പുസ്തകശാല പ്രസിദ്ധീകരിച്ച

**ഇക്കോളജി രാഷ്ട്രീയം തന്നെ**

**ആന്ദ്രെ ഗോർസ്**

**പരിഭാഷ: കെ. രാമചന്ദ്രൻ**

**കോപ്പികൾക്ക്:**
കേരളീയം, കൊക്കാലെ, തൃശൂർ - 680021.
ഫോൺ: 04872421385, 9446586943.

വില: 250 രൂപ
**കേരളീയം വരിക്കാർക്ക്:**
**200 രൂപ**